പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4595 — 23.07. 2015 ൽ മറുപടിക്ക്

## കെ.എസ്. ഇ.ബി. കാഷ്യർമാരുടെ ഒഴിവുകൾ

ചോദ്യം — ഉത്തരം

ശ്രീ. ബാബു എം. പാലിശ്ശേരി. — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ)കെ.എസ്.ഇ.ബി-യിൽ കാഷ്യർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ; | (എ),(ബി) & (സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ എത്ര കാഷ്യർ തസ്തികയാണ് ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം കോഴിക്കോട് ഐ.ഐ.എം. ന്റെ കീഴിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായ ശേഷം മാത്രമേ അനുവദനീയമായ കാഷ്യർ തസ്തികയുടെ എണ്ണം , ഒഴിവുകൾ എന്നിവ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ആയതിനാൽ ഇപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാവില്ല. |
| (ബി) പല മേജർ സെക്ഷൻ ഓഫീസുകളിലും ലൈൻമാൻ, മസ്ദൂർ എന്നീ തസ്തികകളിൽ നിന്നും വർക്ക് അറേഞ്ച്മെന്റ് പ്രകാരം കാഷ്യർമാരെ നിയമിക്കുന്നതുകൊണ്ട് മസ്ദൂർ, ലൈൻമാൻ എന്നിവർ ചെയ്യേണ്ട ഫീൽഡ് ജോലിക്ക് മതിയായ ജീവനക്കാർ ഇല്ലാതെ വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ലൈൻമാൻ, മസ്ദൂർ തസ്തികകളിൽ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ കാഷ്യറായി നിലവിൽ നിയമിക്കുന്നില്ല. |
| (സി) കാഷ്യർമാരുടെ ഒഴിവുകൾ പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തി നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ